# KSTA



## ഹയർ സെക്കന്ററി – വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലകളെ സംരക്ഷിക്കുക

# ഡയറക്ടറേറ്റ് മാർച്ചും ധർണ്ണയും

## ആഗസ്ത് 7ന്

1. ഹയർ സെക്കന്ററി – വൊക്കേഷണൽ ഹയർസെക്കന്ററി മേഖലകൾ സംരക്ഷിക്കുക.
2. അഞ്ച് വർഷം സർവ്വീസ് പൂർത്തിയാക്കിയ ജൂനിയർ അധ്യാപകരെ സീനിയർ ആക്കുക.
3. വൊക്കേഷണൽ ഹയർസെക്കന്ററി സ്പെഷ്യൽ റൂളിലെ അപാകം പരിഹരിക്കുക.
4. പ്രിൻസിപ്പൽ തസ്തിക അധിക തസ്തികയാക്കുക; ആവശ്യമായ മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിക്കുക.
5. വൊക്കേഷണൽ ഹയർസെക്കന്ററിയിൽ പ്രവൃത്തി ദിവസം അഞ്ചാക്കുക
6. അധ്യാപകരുടെ ആശങ്കകൾ ദൂരീകരിച്ച് ഹയർസെക്കന്ററി അധ്യാപക സ്ഥലംമാറ്റം നടത്തുക.
7. വൊക്കേഷണൽ ഹയർസെക്കന്ററി മേഖലയിൽ പ്രിൻസിപ്പൽ തസ്തിക അനുവദിക്കുക.
8. ശമ്പളപരിഷ്കരണം യാഥാർത്ഥ്യമാക്കുക; പ്രതിലോമ നിർദ്ദേശങ്ങൾ തള്ളിക്കളയുക.
9. അധ്യാപക വിദ്യാർത്ഥി അനുപാതം പുനഃക്രമീകരിക്കുക.
10. വൊക്കേഷണൽ ഹയർ സെക്കന്ററി സ്ഥലം മാറ്റങ്ങൾക്ക് മാനദണ്ഡം നിശ്ചയിക്കുക.
11. ശമ്പളപരിഷ്കരണ കമ്മീഷൻ നിർദ്ദേശങ്ങളിലെ വിവേചനം അവസാനിപ്പിക്കുക.
12. പാഠപുസ്തകവിതരണം അടിയന്തിരമായി പൂർത്തിയാക്കുക.
13. അധ്യാപകപരിശീലനം ശാക്തീകരിക്കുക
14. പങ്കാളിത്ത പെൻഷൻ സമ്പ്രദായം ഉപേക്ഷിക്കുക.
15. ജി. എഫ്. സി അധ്യാപകരുടെ പ്രശ്നം ശാശ്വതമായി പരിഹരിക്കുക.
16. ഹയർസെക്കന്ററി പ്രമോഷൻ സർവ്വീസ് റെഗുലറൈസേഷൻ എന്നിവ അടിയന്തിരമായി പൂർത്തിയാക്കുക.
17. സ്വകാര്യഹയർസെക്കന്ററി അധ്യാപകരുടെ പി. എഫ്. ക്രെഡിറ്റ് കാർഡ് ഉടൻ വിതരണം ചെയ്യുക.
18. പ്രിൻസിപ്പൽ പ്രമോഷൻ അടിയന്തിരമായി പൂർത്തിയാക്കുക.
19. ശാസ്ത്രീയ പഠനം നടത്തി മാത്രം പുതിയ സ്കൂളുകളും ബാച്ചുകളും അനുവദിക്കുക.
20. ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്ക് ഗ്രേഡ് അനുവദിക്കുക. എല്ലാ അധ്യാപകർക്കും നിബന്ധനകൾ ഇല്ലാതെ നാല് ഗ്രേഡുകൾ അനുവദിക്കുക.
21. ഗസ്റ്റ് അധ്യാപകരുടെ ദിവസവേതനം വർദ്ധിപ്പിക്കുക

സുഹൃത്തുക്കളേ,

കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖല അതീവഗുരുതരമായ പ്രതിസന്ധികളിലൂടെ കടന്നുപോവുകയാണ്. പൊതുവിദ്യാഭ്യാസത്തിന്റെ നന്മകളെയെല്ലാം ഓരോന്നോരോന്നായി തകർക്കുകയാണ്: പ്രധാനപ്പെട്ട ഒരു മേഖലയെന്ന നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഹയർ സെക്കന്ററി – വൊക്കേഷണൽ ഹയർസെക്കന്ററി മേഖലയും ഇത്തരം ഇടപെടലുകളിൽ നിന്നും മുക്തമല്ല.

വിദ്യാഭ്യാസരംഗത്ത് കൂടുതൽ മുതൽ മുടക്കിയും ഭരണസംവിധാനം കാര്യക്ഷമമാക്കിയുമാണ് എൽ. ഡി.എഫ് സർക്കാർ പൊതുവിദ്യാഭ്യാസ മേഖലയുടെ ആവേശകരമായ വളർച്ചക്ക് തുടക്കമിട്ടത്. അക്കാദമിക രംഗത്തും സർവ്വീസ് രംഗത്തും വമ്പിച്ച നേട്ടങ്ങളാണ് അക്കാലത്തുണ്ടായത്. നിരവധിയായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടായി.

എന്നാൽ പരിഹാരം കാണാൻ കഴിയാതെ ചില പ്രശ്നങ്ങൾ ഇന്നും നിലനിൽക്കുന്നു. ജൂനിയർ അധ്യാപകരുടെ പ്രശ്നമാണ് ഇക്കൂട്ടത്തിൽ ഏറ്റവും പ്രധാനം. 5 വർഷം പൂർത്തിയായ ജൂനിയർ അധ്യാപകരെ സീനിയറാക്കുക എന്ന മുദ്രവാക്യം ആദ്യമുയർത്തിയത് കെ.എസ്.ടി.എ ആണ്. ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് ഈ വിഷയം ഗൗരവമായി ആലോചിക്കുകയും അതിന്റെ ഭാഗമായി പ്രശ്നം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അന്നത്തെ ഹയർ സെക്കന്ററി ഡയറക്ടറെ ചുമതലപ്പെടുത്തുകയുമുണ്ടായി. എന്നാൽ എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ നിന്നും പുറത്തായതോടെ ആ ആലോചനയും നിലച്ചു. അടിയന്തിരമായി പരിഹരിക്കേണ്ട പ്രശ്നമാണിത്.

വൊക്കേഷണൽ ഹയർസെക്കന്ററി മേഖല ആരംഭിച്ച കാലം മുതൽ തന്നെ പ്രശ്നങ്ങളും അതിന്റെ കൂടപ്പിറപ്പാണ്. സ്പെഷ്യൽ റൂളിൽ വന്ന അപാകം മറ്റെല്ലാ പ്രശ്നങ്ങൾക്കും കാരണമായിത്തീർന്നു. സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലുമായി ജോലിചെയ്യുന്ന അധ്യാപകർക്ക് വ്യത്യസ്ത ചട്ടങ്ങൾ നിലനിൽക്കുന്നു. സ്പെഷ്യൽ റൂളിലെ അപാകം അടിയന്തിരമായി പരിഹരിക്കണം.

സ്വകാര്യ ഹയർസെക്കന്ററി വിദ്യാലയത്തിലെ പ്രിൻസിപ്പൽ പ്രമോഷന് സീനിയോറിറ്റി മാനദണ്ഡമാക്കിയതും, സർക്കാർ ഹയർസെക്കന്ററി വിദ്യാലയങ്ങളിൽ തസ്തിക സൃഷ്ടിച്ച് പ്രമോഷൻ നൽകിയതും എൽ.ഡി.എഫ് സർക്കാരാണ്. എന്നാൽ ഹയർസെക്കന്ററി പ്രിൻസിപ്പൽമാർ കൊടിയ ദുരിതമാണ് ഇന്ന് അനുഭവിക്കുന്നത്. എല്ലാ ഓഫീസ് ജോലികൾക്കും പുറമേ തൂത്തുതുടച്ചുവാരുന്നതുൾപ്പെടെയുള്ള ജോലികൾ പ്രിൻസിപ്പൽമാർ ചെയ്യേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. പ്രൊഫ. ലബ്ബ കമ്മിറ്റിയുൾപ്പെടെ, മിനിസ്റ്റീരിയൽ ജീവനക്കാരെ ഈ മേഖലയിൽ നിയമിക്കണമെന്ന് നിർദ്ദേശിച്ചുവെങ്കിലും അതൊന്നും ചെവിക്കൊള്ളാൻ യു.ഡി.എഫ് സർക്കാർ തയ്യാറായിട്ടില്ല. ഈ മേഖലയിൽ ജീവനക്കാരെ നിയമിക്കാൻ സർക്കാർ തയ്യാറാകണം.

ഒമ്പതാം ശമ്പളപരിഷ്കരണ കമ്മീഷന്റെ ഭാഗമായി വിവിധ പുതിയ ആനുകൂല്യങ്ങൾ പ്രത്യേകിച്ചും ഹയർസെക്കന്ററി വൊക്കേഷണൽ ഹയർസെക്കന്ററി മേഖലകൾക്ക് ലഭ്യമായെങ്കിലും ചില പരിമിതികൾ ആ ശമ്പളപരിഷ്കരണത്തിനുണ്ടായി. സമാനതസ്തികൾക്ക്, മുമ്പുണ്ടായിരുന്ന സമീകരണം നഷ്ടമായി. പ്രശ്നങ്ങൾ പരിഹരിക്കാൻ അനോമലി കമ്മീഷനെ കൂടി നിയമിച്ച ഘട്ടത്തിലും അതൊന്നും ശ്രദ്ധിക്കാതെ എൽ.ഡി.എഫ് സർക്കാരിനെതിരായും കെ.എസ്.ടി.എ.ക്കെതിരായും വമ്പിച്ച പ്രചാരണങ്ങളാണ് അന്ന് അഴിച്ചുവിട്ടത്. പത്താം ശമ്പള കമ്മീഷന്റെ നിർദ്ദേശങ്ങളിലെ പ്രതിലോമ നിർദ്ദേശങ്ങളെക്കുറിച്ചൊന്നും ഇക്കൂട്ടർക്ക് പരാതിയില്ല. ഹയർസെക്കന്ററി മേഖലയിലെ ജൂനിയർ - സീനിയർ അധ്യാപകർ തമ്മിൽ വലിയ അന്തരം വന്നിരിക്കുന്നു. ഇതര അധ്യാപക തസ്തികകൾ തമ്മിലുള്ള അന്തരത്തേക്കാൾ വലുതാണത്. കമ്മീഷൻ നിർദ്ദേശങ്ങൾ മോഹിപ്പിക്കുന്നതാണെങ്കിലും 5 വർഷ തത്വം നഷ്ടപ്പെടുന്നു എന്നത് എത്ര ഗൗരവമുള്ള വിഷയമാണ്?

സർക്കാർ മേഖലയിലെ അധ്യാപകരുടെ സ്ഥലംമാറ്റത്തിന് മാനദണ്ഡമുണ്ടാക്കുകയും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയതും എൽ.ഡി.എഫ് സർക്കാരിന്റെ കാലത്താണ്. സ്ഥലം മാറ്റത്തിന്റെ മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചപ്പോൾ ബഹുഭൂരിപക്ഷം അധ്യാപകരും ആശങ്കയിലാണ്. അധ്യാപകരുടെ ആശങ്ക അകറ്റണം. അധ്യാപകരുടെ സ്ഥലം മാറ്റം അവധിക്കാലത്തുതന്നെ നടത്തണം.

വൊക്കേഷണൽ ഹയർസെക്കന്ററിയിൽ, പ്രവൃത്തിദിവസം ആറാണ്. ഹയർസെക്കന്ററിയിൽ അഞ്ചും. ശാസ്ത്രീയമായ പഠനം നടത്തി പിരീഡുകൾ ക്രമീകരിച്ച് പ്രവൃത്തി ദിവസം അഞ്ചാക്കണം.

ഹയർസെക്കന്ററി പാഠപുസ്തകവിതരണത്തിലും അക്ഷന്തവ്യമായ പിഴവാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായത്. അധ്യാപകരുടെ പരിശീലന പരിപാടികളും അട്ടിമറിച്ചു.

ഹയർസെക്കന്ററി വൊക്കേഷണൽ ഹയർസെക്കന്ററി മേഖലകളുടെ ആരംഭത്തിനും വളർച്ചക്കും കാരണമായത് എൽ.ഡി.എഫ് സർക്കാരുകളാണ്. സ്കൂളുകൾ, ബാച്ചുകൾ എന്നിവ ആരംഭിക്കുന്നതിലെല്ലാം പൊതുമാനദണ്ഡമുണ്ടാക്കി. എന്നാൽ യാതൊരു മാനദണ്ഡവുമില്ലാതെയാണ് യു.ഡി.എഫ് സർക്കാർ സ്കൂളുകൾ അനുവദിച്ചത്. സീറ്റുകൾ ഒഴിഞ്ഞുകിടക്കുമ്പോഴും സ്കൂളുകളും ബാച്ചുകളും അനുവദിച്ച സർക്കാർ, അഴിമതിയുടെ പുത്തൻമേഖലകൾ തുറന്നു. സമീപഭാവിയിൽ ഈ മേഖലയിൽ അനാദായകരമായ വിദ്യാലയങ്ങൾ ഉയർന്നുവരും എന്നത് ആശങ്കയുണർത്തുന്നു.

വൊക്കേഷണൽ ഹയർസെക്കന്ററി മേഖല അവസാനിപ്പിക്കും എന്നാണ് ഭരണകാലത്തിന്റെ തുടക്കത്തിൽ വിദ്യാഭ്യാസവകുപ്പ് മന്ത്രി പറഞ്ഞത്. രണ്ടുമേഖലകളേയും വേണ്ടത്ര ശ്രദ്ധിക്കാതെ മുന്നോട്ടുപോകുന്നത് ഈ ആശയഗതിയുടെ അടിസ്ഥാനത്തിലാണ്. ഹയർസെക്കന്ററി മേഖലകൾ സമഗ്രമായ പരിഷ്കരണത്തിന് വിഷയമാകണം. കാലത്തിനനുസരിച്ചുള്ള ശാസ്ത്രീയവും സമഗ്രവുമായ മാറ്റം അനിവാര്യമായിരിക്കുകയാണ്.

ഇത്തരം പ്രശ്നങ്ങളാകെ മുൻനിർത്തിക്കൊണ്ട് കെ.എസ്.ടി.എ യുടെ നേതൃത്വത്തിൽ ആഗസ്ത് 7ന് അധ്യാപകർ ഡയറക്ടറേറ്റുകൾക്കു മുന്നിലേക്ക് മാർച്ചും ധർണ്ണയും സംഘടിപ്പിക്കുകയാണ്. പരിപാടി വിജയിപ്പിക്കാൻ എല്ലാ അധ്യാപക സുഹൃത്തുക്കളോടും സവിനയം അഭ്യർത്ഥിക്കുന്നു.

**അഭിവാദനങ്ങളോടെ.**

**കെ.എൻ. സുകുമാരൻ**
പ്രസിഡന്റ്

**കെ.സി. ഹരികൃഷ്ണൻ**
ജന.സെക്രട്ടറി

**കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ**